# മഴത്തുള്ളി



# സെന്റ് ജോർജസ് ഹൈസ്കൂൾ
# ഉടുമ്പന്നൂർ

മഴ....4
സൂര്യൻ....5
എഴുത്ത്....6
പൂജ്യം....7
കാറ്റ്....8
പഴഞ്ചൊല്ലുകൾ....9
മഴവില്ല്....10
എന്റെ നാട്....11
നിലാവ്....12
മഞ്ഞുകാലത്തെ കുരുവികൾ....13
മഴ....14
മഴയും വെയിലും....15
മഴവില്ല്....16
സൂര്യൻ....17
നിറമെന്ത് ?....18
വലിയ കാഴ്ചകൾ....19
കരടിച്ചാരുടെ ചങ്ങാതി....20

# മഴ

അലതല്ലി ഒഴുകുന്ന നീരുറവയെപോലെ -

വന്നുചേരുന്ന നനവാർന്ന മഴയെ

നീ എന്നിൽ ഒന്ന് പെയ്തൊഴിയാനായ്

ഞാനിനിയും എത്ര നാൾ

കാത്തിരിക്കേണ്ടിയിരിക്കുന്നു

ഇനിയും നിൻ കുളിർ

നീയെന്നിൽ നൽകുകില്ലേ.

കരി നിറമാർന്ന ആകാശവുമായ് വന്നുചേർന്നാലും

ഞങ്ങൾ നിന്നെ ഒത്തിരിയേറെ ഇഷ്ട്പ്പെടുന്നു..

അലൻ കെ.വിനു

# സൂര്യൻ

നനവാർന്നുണരുമ്പോൾ വെയിൽ
നാളമെന്നിലായ് തന്ന നീ
ചെടികളുടെ നാമ്പിൽ വെള്ളിവെ-
ളിച്ചത്താൽ വന്നതല്ലേ.
മിഴിയഞ്ചും നിന്റെ ഈ ചാരുത
ഒന്നുകാണാൻ എന്റെ കണ്ണുകൾ
ക്കൊരവസരം നൽകാതെ
ഇരുളിലേക്കെങ്ങു നീ മാഞ്ഞുപോയി
കണ്ണീർകണങ്ങൾ പൊഴിക്കാൻ കഴിയാതെ
ഉണരും വരെ ഞാൻ കാത്തിരിക്കാം....

അനുപമ അനിൽ.

# എഴുത്ത്

പണ്ട് ഒരു രാജാവ് ഉണ്ടായിരുന്നു. രാജാവിന് എഴുത്ത് ഭയകര ഇഷ്ടമായീരുന്നു. രാജാവ് എന്നും എഴുതുമായിരുന്നു. ഭടൻമാർക്ക് വായിക്കാൻ നല്കുമായിരുന്നു.ഒരു ദിവസം ഒരു പണ്ഡിതൻ കൊട്ടാരത്തിൽ എത്തി. പണ്ഡിതന് വായിക്കാൻ രാജാവ് കവിത വായിക്കാൻ നൽകി. അപ്പൊൾ പണ്ഡിതൻ ഇങ്ങനെ പറഞ്ഞു: രാജാവേ അങ്ങയുടെ കവിത എന്നെ ദു:ഖത്തിൻ്റെ കടലിൽ താഴുത്തുകയാണ്. ഇങ്ങനെ പറഞ്ഞാ, അദ്ദേഹത്തെ തുറകിൽ അടച്ചു . പണ്ഡിതന് ശിക്ഷയായി രാജാവ് അദ്ദേഹത്തിന് രാജാവ് എഴുതുന്ന കവിതകൾ വായിക്കാൻ നൽകിയതായിരുന്നു ശിക്ഷാ. കുറെ വർഷങ്ങൾക്കുശേഷം അദ്ദേഹത്തിനെ മോചതനാക്കി. അപ്പോൾ രാജാവ് പണ്ഢിതന് വായിക്കാൻ ഒരു കവിത നൽകി. അപ്പോൾ പണ്ഢിതൻ ഇങ്ങനെ പറഞ്ഞു അങ് എന്നെ എത്ര വർഷം വേണമെകിൽ തുറകിൽ അടചാലും ഈ കവിത എന്നെ കൊലുകയാണ്. രാജാവ് കൊപിതനായെകിലും ക്ഷമിചു. പിന്നീട് അദ്ദേഹം (രാജാവ്) എഴുതിയിട്ടിലാ.

ആഷ്മി ഷൈജു.

# പൂജ്യം

മധുരവാണിതൻ കാനനചോലിൽ
ഒരു കടാക്ഷത്തിൻ ശീതളഛായയിൽ
അരുവികളായൊഴുകുന്നു നമ്മളും
അകലെയേതോ വിദൂരങ്ങൾ തേടിയും
അവികലമൗനരാഗങ്ങൾ പാടിയും
അറിയാതെ ദിനരാത്രങ്ങൾ തള്ളിയും
പഥികരായ് പ്രാണവായുവും തേടി നാം
പലയിടങ്ങളിൽ ചേക്കേറിടുന്നിതാ
പരിഭവങ്ങളും പരിദേവനങ്ങളും
പലവുരു കേട്ടു മുരടിപ്പു മാനസം
ഒടുവിലെന്നോടുതന്നെ ചോദിപ്പു ഞാൻ
എവിടേക്കാണീയനന്തമാം യാത്രയും
ഒരു മരുപ്പച്ച കാണുവാനാകുമോ
അതികഠിനമീയൂഷരഭൂവിലും
വെറുമൊരു പൂജ്യമണോയിജീവിതം
വെറുതെ കേഴുവാൻ ജന്മമെടുത്തതോ
വിധിയെന്നു ചൊല്ലി കാലം കഴിക്കവേ
പൊഴിയുന്നു തരുപത്രങ്ങൾ പോലെയും

രഞ്ജു ബിജു.






# കാറ്റ്

കാറ്റേ കാറ്റേ   പൂകാറ്റേ
നീ കാതിൽ  ചൊല്ലൂ നിൻ കാര്യം
എന്നുടെ നേരെ
ചൊല്ലാനായി ഞാൻ
കാത്തിരുന്നു നിന്നുടെ കൂടെ
കളിയാടി ഞാൻ
സന്തോഷത്തിലാർന്നു
പാട്ടും പാടി കൂടെ നാടന്നു
എന്താണെന്നോട് ചൊല്ലൂ....

അർഷൽ ജമാൽ.

# പഴഞ്ചൊല്ലുകൾ

1. വിള പുറത്തിട്ട് വേലി കെട്ടരുത്.
2. വിത്ത് ഗുണം പത്ത് ഗുണം.
3. സമ്പത്ത് കാലത്ത് തൈ പത്ത് വെച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം
4. മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.
5. എല്ല് മുറിയെ പണിയെടുത്താൽ പല്ല് മുറിയെ തിന്നാം.
6. എറിയാനറിയാവുന്നവന്റെ കൈയ്യിൽ വടി കൊടിക്കില്ല.
7. വേണെങ്കിൽ ചക്ക വേരിലും കായ്ക്കും.
8. പട്ടീടെ വാല് പന്തീരാണ്ട് കൊല്ലം കുഴലിലിട്ടാലും നിവരില്ല.
9. തത്ത ചത്ത കാക്കാലത്തി.
10. ഉപ്പോളം വരുമോ ഉപ്പിലിട്ടത്.
11. കൊല്ലം കണ്ടവനില്ലം വേണ്ട.
12. കൊച്ചി കണ്ടവനച്ചി വേണ്ട.
13. ഗതി കെട്ടാൽ പുലി പുല്ലും തിന്നും.
14. അണ്ണാൻ മൂത്താലും മരക്കേറ്റം മറക്കില്ല.
15. ആന വാ പൊളിക്കുന്നത് അണ്ണാൻ വാ പൊളിക്കാൻ നോക്കരുത്.
16. പയ്യെ തിന്നാൽ പനയും തിന്നാം.
17. തേങ്ങ എത്ര അരച്ചാലെന്ത താളല്ലേ കറി.

അനശ്വര ജിനു.

# മഴവില്ല്

ആകാശത്ത് ഒരു മഴവില്ല്
അഴക് നിറഞ്ഞൊരു മഴവില്ല്
ഏഴുനിറങ്ങളാൽ നിന്നെ -
കാണാൻ എന്തുരസം.
ഏഴുനിറങ്ങളെ അറിയാമോ
അവരേതാണെന്നറിയാമോ
ചുവപ്പ്,മഞ്ഞ,നീല,പച്ച,വയലറ്റ്,ഇൻടിഗോ,
ഓറഞ്ച്

ഫവാസ് നസീർ.

# എന്റെ നാട്



മലകളും പുഴകളും പച്ചപ്പുൽമേടുകളും
നിറഞ്ഞ് നിൽക്കുന്ന എന്റെ ഇടുക്കി
ഇടുക്കിയിൽ ഗാനങ്ങൾ മൂളിവരും
കാറ്റിനുമുണ്ടൊരു സൗന്ദര്യം
ഇടിക്കിയെ മിടുക്കിയായി കാണിക്കും
തേയില തോട്ടങ്ങൾ ചേർന്നെൻ ഇടുക്കി
വീശും കാറ്റത്ത് ഇളകിയാടി നിൽക്കും
പൂക്കൾ ചേർന്നെൻ ഇടുക്കി
എത്ര എത്ര സുന്ദരമെൻ ഇടുക്കി
മലകളും കുന്നിൻ ചെരിവുകളും
ചേർന്ന് സുന്ദരമെൻ ഇടുക്കി
ചില ചില കിളികളും
മൂളിവരും വണ്ടുകളും
ചിരി തൂകി നിൽക്കും എൻ ഇടുക്കി
എത്ര എത്ര സുന്ദരമീ ഇടുക്കി

നന്ദന പി.ബി

# നിലാവ്

അനന്തമായ  ഇരുളിൻ നടയിങ്കൽ
തളർന്ന് കിടക്കും എന്നെ നിൻ
നിലാ വെളിച്ചത്താൽ മെല്ലേ തഴുകി
ഉണർത്തിയത്
ഞാനിന്നുമോർക്കുന്നു
സ്വപ്നങ്ങൾ കാണാനെന്നെ
പഠിപ്പിച്ചതും
നിന്റെ നിലാ വെളിച്ചമാണ്
എന്നെ ആകാംക്ഷയിലേക്കെത്തിച്ചതും
നിന്റെ നക്ഷത്രക്കൂട്ടമാണ്
എല്ലാവരുടെയും ഭയം മാറ്റുന്ന നിന്റെ ഈ
വെളിച്ചം തന്നെയാണ് എന്റെ ഭയവും മാറ്റിയത്



ജെസ്ന കെരീം.

# മഞ്ഞുകാലത്തെ കുരുവികൾ

പഴുത്ത പുലിൽ പുഴുവിനെ നോക്കി-
ക്കൊത്തി നടക്കും കുരുവികളെ
മരച്ചില്ലകൾ തോറും
മണ്ണിൻ ഞരമ്പുകൾ തോറും
ഹിമകണ്ഡമെരിയുന്നല്ലോ
എങ്ങോട്ടു പോകും നിങ്ങൾ
എവിടെ ചെന്നഭയം തേടും നിങ്ങൾ
അതിശൈത്യം പടർന്നുവല്ലോ
ഇനിയെവിടെ കൂടുക്കൂട്ടും
ഇനിയെവിടെ മുട്ടവെക്കും
ഇലയൊക്കെ കൊഴിഞ്ഞുവല്ലോ
മരമോക്കെ ഉറങ്ങിയല്ലോ
പഴുത്ത പുല്ലിൽ കരിയിലതോറും
ചികഞ്ഞനോക്കും കുരുവികളേ
ഇണയോടു പോയി പറയൂ , പറയൂ
ഇലയൊക്കെ കൊഴിഞ്ഞുവെന്നും
മരമൊക്കെ ഉറങ്ങിയെന്നും
ഹിമകണ്ഡമെരിയുന്നും
ഇണയോടു ഇതെല്ലാം പോയി പറയൂ , പറയൂ

അമീർ എ.സ്

# മഴ



പുലർ മഞ്ഞുകാലത്ത്
പുലരുന്ന നേരത്ത്
കുളിരായി വന്നത് നീയല്ലയോ


ഇരുളുന്ന നേരത്തും
നിഴലായി വന്നു നീ
ജനലിന്റെ ഓരത്ത് തൊട്ടതല്ലെ

നിനക്കായി കേഴുന്ന
ഞങ്ങൾക്ക് നീയോ
കനിവാർന്ന് തന്നത്
ജീവന്റെ നിഴലായ ജലകണികൾ

കടലിന്റെ അടിയിൽ
നിന്നുയരുന്ന നീ ഇന്ന്
മഴയായി പെയ്യുന്നു മണ്ണിലേക്ക്
മഴയായി പെയ്യുന്നു മണ്ണിലേക്ക്

വിഷ്ണു രതീഷ്.

# മഴയും വെയിലും




മഴയേ ഞാനറിഞ്ഞിരുന്നില്ലാ
നിനക്കിത്ര ഭംഗിയുണ്ടായിരുന്നെന്ന്
നിന്റെ മിഴിനീർ കണങ്ങൾ
എന്നിലലിയും വരെ

വെയിലേ ഞാനറിഞ്ഞിരുന്നില്ലാ
നിനക്കിത്ര കഴിവുണ്ടായിയുന്നെന്ന്
നിന്റെ സന്തോഷ പുഞ്ചിരി എന്നെ ഉണർത്തും വരെ



അംജിത്ത് സുധീർ.



# മഴവില്ല്

ആകാശത്തൊരു മഴവില്ല്
അഴക് നിറഞ്ഞൊരു മഴവില്ല്
ഏഴു നിറങ്ങളാൽ മഴവില്ല്
ഏഴു നിറങ്ങളെ അറിയാമൊ
അവരേതാണെന്നറിയാമൊ
ചുവപ്പ്,പച്ച,നീല,മഞ്ഞ,
വയലറ്റ്, ഇൻഡിഗോ,ഓറഞ്ച്
എന്നാണല്ലൊ അവയുടെ പേര്
നിങ്ങൾക്കെല്ലാം അറിയാമൊ

അമീൻ മുജീബ്.

# സൂര്യൻ



നനവാർന്നുണരുമ്പോൾ
വെയിൽ
നാളമെന്നിലായ് തന്ന നീ
ചെടികളുടെ നാമ്പിൽ വെള്ളി-
വെളിച്ചത്താൽ വന്നതല്ലേ
മിഴിയഞ്ചും നിന്റെ ഈ ചാരുത
ഒന്നു കണ്ടു രസിക്കാൻ
എന്റെ കണ്ണുകൾക്കൊരവസരം നൽകാതെ
ഇരുളുമ്പോൾ എങ്ങു നീ മാഞ്ഞു പോയി
കണ്ണീർ കണങ്ങൾ പൊഴിക്കാൻ കഴിയാതെ
ഉണരും വരെ ഞാൻ കാത്തിരിക്കും

അക്ഷര രാജൻ.

# നിറമെന്ത്?

അരയന്നത്തിൻ നിറമെന്ത്?
മുല്ലപ്പൂവിൻ വെള്ളനിറം

ആഴക്കടലിൽ നിറമെന്ത്?
ആകാശത്തിൻ നീലനിറം

കൊന്നപ്പൂവിൻ നിറമെന്ത്?
മഞ്ഞക്കിളിയുടെ മഞ്ഞനിറം

തത്തപ്പെണ്ണിൻ നിറമെന്ത്?
പാടം നിറയും പച്ചനിറം

മഴവില്ലഴകിൻ നിറംമെന്ത്?
ചേലേഴും നിറമേഴെണ്ണം

# വലിയ കാഴ്ചകൾ

എവിടെ നിന്നാണ് യാത്ര തുടങ്ങിയത്?

കോലായ നടക്കല്ല് മഹാമേരു!

അച്ഛന്റെ തുണിക്കസേര ആകാശക്കീറ്,

ഓട്ടുകിണ്ണത്തിലെ കഞ്ഞിയും കറിപ്ലാവിലയും;

തടാകവും വെള്ളവും പോലെ.

കൊരണ്ടിക്കാലിന്മൊരാൾ പൊക്കം,

മുത്തുമുത്തച്ഛന്റെ ചിത്രം ഭിത്തിയിൽ

നോക്കിനോക്കിയിരിക്കെ ചിരിക്കുന്നപോലെ!

പനയോലയിറമ്പത്തെ മഴവെള്ളം;

പുക നിറം കലർന്ന മലവെള്ളം.

അപ്പു ഷിജു.

# കരടിച്ചാരുടെ ചങ്ങാതി

ഒരുനാൾ പാവം കരടി ചേട്ടന്

ഹയ്യോ!വയ്യേ,പനിയായി!

തിന്നാനൊട്ടും കിട്ടാതവനോ

കുനിക്കൂടിയിരിപ്പായി!

വിശന്നു വലഞ്ഞാ കരടിചേട്ടൻ

ഹയ്യോ! വയ്യേ നിലവിളിയായ്

അപ്പോഴെത്തി ആനചേട്ടൻ

കരടി ചേട്ടൻ തുണയായി!

കരഞ്ഞുപറഞ്ഞാ കരടിചേട്ടൻ

ഹയ്യോ!വയ്യേ കൈകൂപ്പി

ഉടനെ പോയാ ആനചേട്ടൻ

തേനും പഴവും കൊണ്ടെത്തി!

തേൻ കുടിച്ചു പഴവും തിന്നു

ഹയ്യട! ഹയ്യാ കരടിച്ചൻ

ആന ചേട്ടന് നന്ദി പറഞ്ഞു:

"നീയാണേയെൻ ചങ്ങാതി"

ആസിഫ് നസീർ

# നന്ദി

